ENTRI
1 Crore User Downloads

# CURRENT AFFAIRS 19 JULY 2025


കോട്ട ശ്രീനിവാസ റാവു

**2025 ജൂലൈയിൽ അന്തരിച്ച പ്രശസ്ത തെലുങ്ക് ചലച്ചിത്ര നടൻ**
കോട്ട ശ്രീനിവാസ റാവു

- 1978-ൽ പ്രണം ഖരീദു ആണ് അദ്ദേഹം അഭിനയിച്ച ആദ്യ ചിത്രം.
- രാഷ്ട്രീയക്കാരൻ കൂടിയായിരുന്ന കോട്ട ശ്രീനിവാസ റാവു 1999 മുതൽ 2004 വരെ ആന്ധ്രപ്രദേശിലെ വിജയവാഡ ഈസ്റ്റ് മണ്ഡലത്തിൽ നിന്നുള്ള എംഎൽഎയായിരുന്നു.
- 2015-ൽ രാജ്യം പത്മശ്രീ നൽകി അദ്ദേഹത്തെ ആദരിച്ചു.


ധർമ്മേന്ദ്ര പ്രധാൻ

**സരള സാഹിത്യ സൻസദ് നൽകുന്ന 2024ലെ കലിംഗ രത്ന പുരസ്കാരത്തിന് അർഹനായത്**
ധർമ്മേന്ദ്ര പ്രധാൻ (കേന്ദ്ര വിദ്യാഭ്യാസ മന്ത്രി)

- സരള മഹാഭാരതം, വിലങ്ക രാമായണം, ചാണ്ഡി പുരാണം എന്നിവ രചിച്ച 15-ാം നൂറ്റാണ്ടിലെ ഒഡിയ കവിയും പണ്ഡിതനുമായ വ്യക്തിയാണ് സരള ദാസ. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായാണ് പുരസ്കാരം നൽകുന്നത്.




**ഇന്ത്യ ആദ്യമായി പങ്കെടുത്ത ഓസ്ട്രേലിയയിലെ ഏറ്റവും വലിയ സൈനികാഭ്യാസം**
ടാലിസ്മാൻ സാബർ


ദീപിക സെഹ്‌രാവത്ത്

**പോളിഗ്രാസ് മാജിക് സ്കിൽ അവാർഡ് നേടുന്ന ആദ്യ ഇന്ത്യൻ വനിതാ ഹോക്കി താരം**
ദീപിക സെഹ്‌രാവത്ത്

- ഹോക്കി പ്രോ ലീഗിൽ നെതർലൻഡ്സിനെതിരെ നേടിയ ഗോളിനാണ് ഇന്ത്യൻ വനിതാ ഹോക്കി ഫോർവേഡ് ദീപിക 2024-25 ലെ പോളിഗ്രാസ് മാജിക് സ്കിൽ അവാർഡിന് അർഹയായത്.



**ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ രണ്ടാമത്തെ കേബിൾ സ്റ്റേയ്ഡ് പാലം**
സിഗന്ദൂർ പാലം

- കർണാടകയിലെ ശിവമോഗ ജില്ലയിൽ ശരാവതി നദിക്കു കുറുകെ നിർമിച്ച സിഗന്ദൂർ പാലത്തിന് 2.25 കിലോമീറ്റർ നീളമുണ്ട്.
- ശിവമോഗയിലെ സാഗർ താലൂക്കിലെ കലാസവള്ളി,അംബാര ഗോഡ്‌ലു എന്നീ സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ് സിഗന്ദൂർ പാലം.